"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള അഗ്നിരക്ഷാ സേവനം- ആസ്ഥാനകാര്യാലയത്തിലെ സ്റ്റേഷൻ ഓഫീസർ ശ്രീ.നിതിൻ രാജ്.എസ്.ന്റെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2205/2026/HOME തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ സർവീസ് ഉത്തരവ് നമ്പർ 150/2025 തീയതി 19.12.2015.
2. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ സർവീസ് ഉത്തരവ് നമ്പർ 60/2026 തീയതി 20.05.2026
3. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 20.05.2026 ലെ FIREHQ/142/2026-E1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അഗ്നിരക്ഷാ സേവനവകുപ്പിൽ പരാമർശം (1) പ്രകാരം 04.01.2016 തീയതിയിൽ സ്റ്റേഷൻ ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീ.നിതിൻരാജ്.എസ് (PEN-769356) പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ പാസാകേണ്ട അക്കൗണ്ട് ടെസ്റ്റ് (ലോവർ) 15.10.2025 നാണ് പാസ്സായിട്ടുള്ളത്. കെ.എസ് & എസ്.എസ്.ആർ ചട്ടം 21 പ്രകാരം സ്റ്റേഷൻ ഓഫീസർ തസ്തികയിലെ ഇദ്ദേഹത്തിന്റെ പ്രൊബേഷൻ കാലയളവ് 04.01.2018 മുതൽ 03.01.2019 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായതിന്റെ അവസാന പരീക്ഷ തീയതി 15.10.2025 ആകയാൽ 16.10.2025 പ്രാബല്യത്തിൽ മാത്രമേ ഇദ്ദേഹത്തിന്റെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ ശ്രീ.നിതിൻരാജ്.എസ്.ന്റെ പ്രൊബേഷൻ കാലാവധി 04.01.2019 മുതൽ 16.10.2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി അഗ്നിരക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 04.01.2016-ൽ ജോലിയിൽ പ്രവേശിച്ച

ഫയർ & റെസ്ക്യൂ സർവ്വീസസ് ആസ്ഥാനകാര്യാലയത്തിലെ സ്റ്റേഷൻ ഓഫീസർ ( ചീഫ് സ്റ്റോർ) ശ്രീ.നിതിൻരാജ്.എസിന്റെ സ്റ്റേഷൻ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 16.10.2025 പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിയ്ക്ക് സാധിയ്ക്കുമാറ്, പ്രൊബേഷൻ കാലയളവ് കെ.എസ് & എസ്.എസ്.ആർ ഭാഗം 1 ചട്ടം 21 പ്രകാരം 04.01.2019 മുതൽ 16.10.2025 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ &റെസ്ക്യൂ സർവ്വീസ്, തിരുവനന്തപുരം.
ശ്രീ.നിതിൻരാജ്.എസ് സ്റ്റേഷൻ ഓഫീസർ (ചീഫ് സ്റ്റോർ), അഗ്നിരക്ഷാസേവനവകുപ്പ്, തിരുവനന്തപുരം
(ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 02-07-2026 15:26:49